"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കയർ വികസനം - ക്രയവില സ്ഥിരതാ പദ്ധതിയുടെ പ്രവർത്തന മൂലധനത്തിനായി ദേശസാൽകൃത / സർക്കാർ അംഗീകൃത ബാങ്കിൽ നിന്നും വായ്പ്പയെടുക്കുന്നതിന് കേരള സ്റ്റേറ്റ് കയർ കോർപറേഷന് സർക്കാർ അനുവദിച്ച ഗ്യാരണ്ടി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

വ്യവസായ ( ഇ ) വകുപ്പ്

സ.ഉ.(കൈ) നം.30/2026/ID തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:-
1. 18-01-2021 ലെ സ.ഉ(കൈ) നമ്പർ 12/2021/വ്യവ.
2. 16-02-2021 ലെ സ.ഉ(കൈ) നമ്പർ 43/2021/വ്യവ.
3. കയർ വികസന ഡയറക്ടറുടെ 01-08-2025 ലെ ഡി.സി.ഡി/342/2022- സിപി 9 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം, ക്രയവില സ്ഥിരതാ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി 30 കോടി രൂപ വായ്പയെടുക്കുന്നതിന്, കേരള സ്റ്റേറ്റ് കയർ കോർപറേഷന് സർക്കാർ ഗ്യാരണ്ടി അനുവദിച്ചിരുന്നു. ഗ്യാരണ്ടിയുടെ കാലാവധി 11-02-2026 - ന് അവസാനിച്ചതായും കയർ ഉല്പന്ന സംഘങ്ങൾക്കും, കയർഫെഡിനും ഉല്പന്നങ്ങൾ വാങ്ങിയ വകയിൽ, തുക സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിന് കഴിയാത്ത സാഹചര്യവും പഞ്ചായത്തുകൾക്ക് കയർ ഭൂവസ്ത്രം നൽകിയ വകയിൽ ലഭിക്കേണ്ട ഭീമമായ തുക ലഭ്യമാക്കുന്നതിന് 6 മുതൽ 8 മാസം വരെ കാലതാമസം നേരിടുന്ന സാഹചര്യവും കയർ ഉൽപ്പാദന മേഖലയിൽ തൊഴിലെടുക്കുന്ന ആയിരക്കണക്കിനു വരുന്ന തൊഴിലാളികൾക്ക് തൊഴിലുറപ്പുവരുത്തുന്നതിന് സമയബന്ധിതയമായി സംഘങ്ങൾക്ക് ഉൽപ്പന്ന വില നൽകേണ്ടതും കയർ കോർപ്പറേഷന് കടുത്ത സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കുന്നതായും ആയതിനാൽ സർക്കാർ ഗ്യാരണ്ടി അഞ്ച് വർഷത്തേക്ക് കൂടി പുതുക്കി നൽകണമെന്നും കയർ വികസന ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർഥിച്ചു .

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ക്രയവില സ്ഥിരതാ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ദേശസാൽകൃത ബാങ്ക് / സർക്കാർ അംഗീകൃത ബാങ്കിൽ നിന്നും 30 കോടി രൂപ വായ്പയെടുക്കുന്നതിന്റെ ആവശ്യത്തിനായി കേരള സ്റ്റേറ്റ് കയർ കോർപറേഷന് സർക്കാർ അനുവദിച്ച ഗ്യാരണ്ടി, ചുവടെ പറയുന്ന ഗ്യാരണ്ടി വ്യവസ്ഥകൾക്ക് വിധേയമായി, 12.02.2026 മുതൽ അടുത്ത അഞ്ച് വർഷത്തേക്ക് കൂടി പുതുക്കി നൽകി ഉത്തരവാകുന്നു .

**ഗ്യാരണ്ടി വ്യവസ്ഥകൾ**

- ഗ്യാരണ്ടി ആക്റ്റ് പ്രകാരവും 16.10.2004 ലെ സ.ഉ (എം.എസ്) 487/04/ഫിൻ പ്രകാരവും 0.75%

നിരക്കിൽ ഗ്യാരണ്ടി കമ്മീഷൻ തുക സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

- 16.10.2004 ലെ സർക്കാർ ഉത്തരവിലെ നിബന്ധന 5 പ്രകാരം വൈകിയ അടവുകൾക്ക് 12% സാധാരണ പലിശ ഈടാക്കുന്നതാണ്.
- പിഴപ്പലിശ ഉണ്ടെങ്കിൽ അതുൾപ്പെടെ ഗ്യാരണ്ടി കമ്മീഷൻ തുക അടച്ച ചെലാൻ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 16.08.2007 ലെ 66/2007-ധന നമ്പർ സർക്കുലർ പ്രകാരം ഗ്യാരണ്ടി തുക, ബാക്കി നിൽക്കുന്ന തുക, ഗ്യാരണ്ടി കമ്മീഷൻ തുക എന്നിവയുടെ വിവരങ്ങൾ (വിശദമായ കണക്കുകൾ സഹിതം) ഉൾപ്പെടുത്തിയ അർദ്ധവാർഷിക റിപ്പോർട്ട് ധനകാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.
- ഉടമ്പടി ഒപ്പ് വയ്ക്കുന്നതിന് മുമ്പ് ബാക്കി അടയ്ക്കാനുള്ള ഗ്യാരണ്ടി കമ്മീഷൻ തുക മാനേജിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.
- ഗ്യാരണ്ടി ആക്റ്റ് പ്രകാരം കമ്മീഷൻ ഒഴിവാക്കാൻ കഴിയാത്തതിനാൽ ഗ്യാരണ്ടി കമ്മീഷന്റെ കൃത്യമായ അടവ് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ഗ്യാരണ്ടി കമ്മീഷൻ തുക അടച്ചതിന്റെ ത്രൈമാസ റിപ്പോർട്ട് മാനേജിംഗ് ഡയറക്ടർ മുടക്കം കൂടാതെ സമർപ്പിക്കേണ്ടതാണ്.
- ഗ്യാരണ്ടി ഉടമ്പടിയിൽ സർക്കാർ ഉത്തരവിന്റെ നമ്പർ, സർക്കാർ ഗ്യാരണ്ടിയുടെ തീയതി, ഗ്യാരണ്ടി തുക, എത്ര വർഷത്തേയ്ക്കാണ് ഗ്യാരണ്ടി നൽകുന്നത്, 2022 ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ് പ്രകാരം ഗവൺമെന്റ് ഗ്യാരണ്ടികളുടെ പരാമവധി പരിധി ഏതൊരു വർഷവും ഏപ്രിൽ ഒന്നാം തീയതി ബാക്കി നിൽക്കുന്ന മൊത്തം സർക്കാർ ഗ്യാരണ്ടികൾ, മുൻവർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മൊത്തം റവന്യൂ വരുമാനത്തിന്റെ 100 ശതമാനമോ അല്ലെങ്കിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജിഎസ്ഡിപി) 10 ശതമാനമോ ഇതിൽ ഏതാണോ കുറവ്, അത് ആയിരിക്കേണ്ടതാണ്" എന്നിവ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതും, ഗാരണ്ടി ഡീഡ് നിയമവകുപ്പ് വെറ്റ് ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
അഡീഷണൽ ചീഫ് സെക്രട്ടറി

കയർ വികസന ഡയറക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ആലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&.ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്. സി) വകുപ്പ് (ഇനം നം 3962 തീയതി 13-03-2026)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
കരുതൽ ഫയൽ'/ ഓഫീസ് കോപ്പി (ഇ 2/121/2025/വ്യവ )

ഉത്തരവിൻ പ്രകാരം

Signed by Vidya Raj P
Date: 14-03-2026 21:34:08

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 13-03-2026

ഫയൽ നം. ഇ2/121/2025/വ്യവ. ഇനം നം: 3962

വിഷയം : വ്യവസായ വകുപ്പ് - ക്രയവില സ്ഥിരതാ പദ്ധതിയുടെ പ്രവർത്തന മൂലധനത്തിനായി ദേശസാൽകൃത/സർക്കാർ അംഗീകൃത ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിന് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് സർക്കാർ അനുവദിച്ച ഗ്യാരന്റി പുതുക്കി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ്.

3962

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഇ 2/121/2025/വ്യവ |
| 2. | വകുപ്പ് | : | വ്യവസായ (ഇ) വകുപ്പ് |
| 3. | വിഷയം | : | ക്രയവില സ്ഥിരതാ പദ്ധതിയുടെ പ്രവർത്തന മൂലധനത്തിനായി ദേശസാൽകൃത / സർക്കാർ അംഗീകൃത ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിന് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് സർക്കാർ അനുവദിച്ച ഗ്യാരന്റി, പുതുക്കി നൽകുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി; | : | 11-03-2026 |
| 5. | 1).ഇത് സാമ്പത്തിക ബാദ്ധ്യതയുള്ള താണോ;<br>2).ഇത് സാമ്പത്തിക ബാദ്ധ്യതയുള്ള താണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>: | 1) ഉണ്ട്<br>2) ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര്; | : | ശ്രീമതി ഹേമ വി. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര്; | : | ശ്രീ എ പി എം മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 12-03-2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്; | : | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 13-03-2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്; | : | ശ്രീ. പി. രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി; | : | 13-03-2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി; | : | 13-03-2026 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി; | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും; | | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പുകൾ

ക്രയവില സ്ഥിരതാ പദ്ധതിയുടെ പ്രവർത്തനമൂലധനത്തിനായി 30 കോടി രൂപ വായ്പയെടുക്കുന്നതിന് കേരള സ്റ്റേറ്റ് കയർ കോർപറേഷന് സർക്കാർ അനുവദിച്ച ഗ്യാരണ്ടി, അടുത്ത അഞ്ച് വർഷത്തേക്ക് കൂടി പുതുക്കി നൽകുന്ന വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത പരിഹരിച്ച്, ക്രയവില സ്ഥിരതാ പദ്ധതി തടസമില്ലാതെ നടപ്പിലാക്കുന്നതിനായി ദേശസാൽകൃത ബാങ്കുകളിൽ നിന്നും 30 കോടി രൂപ വായ്പയെടുക്കുന്നതിന് 18.01.2021 -ലെ സ.ഉ(കൈ) 12/2021/വ്യവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഗ്യാരണ്ടി അനുവദിച്ചിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ 12.02.2021 -ന് കാനറാ ബാങ്കുമായി വായ്പാ ഡീഡ് ഒപ്പ് വെച്ചിട്ടുണ്ട്. സർക്കാർ ഗ്യാരണ്ടിയുടെ കാലാവധി 11.02.2026 - ന് അവസാനിച്ചിട്ടുണ്ട്.

3. കയർ ഉല്പന്ന സംഘങ്ങൾക്കും, കയർഫെഡിനും ഉല്പന്നങ്ങൾ വാങ്ങിയ വകയിൽ, തുക സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിന് കഴിയാത്ത സാഹചര്യവും പഞ്ചായത്തുകൾക്ക് കയർ ഭൂവസ്ത്രം നൽകിയ വകയിൽ ലഭിക്കേണ്ട ഭീമമായ തുക ലഭ്യമാക്കുന്നതിന് 6 മുതൽ 8 മാസം വരെ കാലതാമസം നേരിടുന്ന സാഹചര്യവും കയർ ഉൽപ്പാദന മേഖലയിൽ തൊഴിലെടുക്കുന്ന ആയിരക്കണക്കിനു വരുന്ന തൊഴിലാളികൾക്ക് തൊഴിലുറപ്പ് വരുത്തുന്നതിന് സമയബന്ധിതയമായി സംഘങ്ങൾക്ക് ഉൽപ്പന്ന വില നൽകേണ്ടതും കയർ കോർപ്പറേഷന് കടുത്ത സാമ്പത്തിക പ്രതിസന്ധി സൃഷ്ടിക്കുന്നതായും ആയതിനാൽ സർക്കാർ ഗ്യാരണ്ടി അഞ്ച് വർഷത്തേക്ക് കൂടി പുതുക്കി നൽകണമെന്നും കയർ വികസന ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

4. സർക്കാർ ഗ്യാരണ്ടി അടുത്ത 5 വർഷത്തേയ്ക്ക് കൂടി പുതുക്കി നൽകുന്നതു സംബന്ധിച്ച് ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

*" കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ കാനറാ ബാങ്കിൽ നിന്നും എടുത്ത 30 കോടി രൂപയുടെ വായ്പയ്ക്ക് അനുവദിച്ച സർക്കാർ ഗ്യാരണ്ടി അടുത്ത 5 വർഷത്തേയ്ക്ക് കൂടി പുതുക്കി നൽകുന്നതിന്, ചുവടെ പറയുന്ന ഗ്യാരണ്ടി വ്യവസ്ഥകൾക്ക് വിധേയമായി, ധനവകുപ്പ് അനുമതി നൽകുന്നു. "*

**ഗ്യാരണ്ടി വ്യവസ്ഥകൾ**

(1) ഗ്യാരണ്ടി ആക്റ്റ് പ്രകാരവും 16.10.2004 -ലെ സ.ഉ(എം.എസ്) 487/04/ഫിൻ പ്രകാരവും 0.75% നിരക്കിൽ ഗ്യാരണ്ടി കമ്മീഷൻ തുക സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

(2) 16.10.2004 -ലെ സർക്കാർ ഉത്തരവിലെ നിബന്ധന 5 പ്രകാരം വൈകിയ അടവുകൾക്ക് 12% സാധാരണ പലിശ ഈടാക്കുന്നതാണ്.

(3) പിഴപ്പലിശ ഉണ്ടെങ്കിൽ അതുൾപ്പെടെ ഗ്യാരണ്ടി കമ്മീഷൻ തുക അടച്ച ചെലാൻ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 16.08.2007 -ലെ 66/2007-ധന നമ്പർ സർക്കുലർ പ്രകാരം ഗ്യാരണ്ടി തുക, ബാക്കി നിൽക്കുന്ന തുക, ഗ്യാരണ്ടി കമ്മീഷൻ തുക എന്നിവയുടെ വിവരങ്ങൾ (വിശദമായ കണക്കുകൾ സഹിതം) ഉൾപ്പെടുത്തിയ അർദ്ധവാർഷിക റിപ്പോർട്ട് ധനകാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

(4) ഉടമ്പടി ഒപ്പ് വയ്ക്കുന്നതിന് മുമ്പ് ബാക്കി അടയ്ക്കാനുള്ള ഗ്യാരണ്ടി കമ്മീഷൻ തുക മാനേജിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

(5) ഗ്യാരണ്ടി ആക്റ്റ് പ്രകാരം കമ്മീഷൻ ഒഴിവാക്കാൻ കഴിയാത്തതിനാൽ ഗ്യാരണ്ടി കമ്മീഷന്റെ കൃത്യമായ അടവ് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ഗ്യാരണ്ടി കമ്മീഷൻ തുക അടച്ചതിന്റെ ത്രൈമാസ റിപ്പോർട്ട് മാനേജിംഗ് ഡയറക്ടർ മുടക്കം കൂടാതെ സമർപ്പിക്കേണ്ടതാണ്.

(6) ഗ്യാരണ്ടി ഉടമ്പടിയിൽ സർക്കാർ ഉത്തരവിന്റെ നമ്പർ, സർക്കാർ ഗ്യാരണ്ടിയുടെ തീയതി, ഗ്യാരണ്ടി തുക, എത്ര വർഷത്തേയ്ക്കാണ് ഗ്യാരണ്ടി നൽകുന്നത്, 2022 -ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ് പ്രകാരം ഗവണ്മെന്റ് ഗ്യാരണ്ടികളുടെ പരാമവധി പരിധി ഏതൊരു വർഷവും ഏപ്രിൽ ഒന്നാം തീയതി ബാക്കി നിൽക്കുന്ന മൊത്തം സർക്കാർ ഗ്യാരണ്ടികൾ, മുൻവർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മൊത്തം റവന്യൂ വരുമാനത്തിന്റെ 100 ശതമാനമോ അല്ലെങ്കിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജിഎസ്ഡിപി) 10 ശതമാനമോ ഇതിൽ ഏതാണോ കുറവ്, അത് ആയിരിക്കേണ്ടതാണ്" എന്നിവ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതും, ഗാരണ്ടി ഡീഡ് നിയമവകുപ്പ് വെറ്റ് ചെയ്യേണ്ടതുമാണ്.

'ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്'.

5. കാനറാ ബാങ്ക് നിലവിൽ വായ്പയ്ക്ക് ഈടാക്കി വരുന്ന പലിശ 9.5 ശതമാനമാണെന്നും കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭിക്കുന്ന സാഹചര്യം പരിശോധിക്കുന്നതിനായി ബോർഡ് യോഗം തീരുമാനിച്ചതിൻ പ്രകാരം മറ്റ് ബാങ്കുകളെ സമീപിച്ചതിൽ എസ്. ബി. ഐ. കുറഞ്ഞ നിരക്കായ 6.14 ശതമാനം നിരക്കിൽ നൽകുമെന്ന് അറിയിക്കുകയും, ആയതിൻപ്രകാരം പ്രസ്തുത വായ്പ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലേക്ക് ടേക്ക് ഓവർ ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും കയർ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അറിയിക്കുകയുണ്ടായി

6. വിപണന പ്രക്രിയയിലുണ്ടാവുന്ന 6 - 8 മാസത്തെ കാലതാമസം ഒഴിവാക്കി കയർ ഉല്പാദകർക്ക് സമയബന്ധിതമായി കയർവില കൊടുത്തു തീർക്കുന്നതിനായി കയർ കോർപ്പറേഷൻ നിലവിൽ എടുത്തിട്ടുള്ള ബാങ്ക് വായ്പയുടെ പലിശഭാരം ലഘൂകരിക്കുന്നതിന് കുറഞ്ഞ പലിശ നിരക്കുള്ള ബാങ്കിലേക്ക് വായ്പ ട്രാൻസ്ഫർ ചെയ്യേണ്ടതുണ്ട്. കാനറാ ബാങ്കിൽ നിന്നും SBI-

ലേക്ക് വായ്പ മാറ്റുമ്പോൾ 3.36% പലിശ കുറവ് ലഭിക്കും. മേൽ സാഹചര്യത്തിൽ അടുത്ത 5 വർഷത്തേക്ക് ഗ്യാരണ്ടി പുതുക്കുന്ന അനുമതി ഉത്തരവിൽ പ്രത്യേകം പേര് പറയാതെ " ദേശസാൽകൃത ബാങ്ക് " എന്ന് രേഖപ്പെടുത്തുന്നത് സംബന്ധിച്ച കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ ചുവടെ പറയും പ്രകാരം അറിയിച്ചു.

" *കയർ കോർപ്പറേഷന്റെ ഗ്യാരണ്ടിയുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന ഉത്തരവിൽ കനറാ ബാങ്ക് എന്ന് രേഖപ്പെടുത്തുന്നതിന് പകരം ദേശസാൽകൃത ബാങ്ക്/സർക്കാർ അംഗീകൃത ബാങ്ക് എന്ന് പൊതുവായി രേഖപ്പെടുത്തുന്നതിന് ധനവകുപ്പ് അനുമതി നൽകുന്നു.*

*'ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്'. "*

7. മേൽവിവരിച്ച സാഹചര്യങ്ങൾ കണക്കിലെടുത്ത്, ധനവകുപ്പ് നിർദ്ദേശിച്ചിട്ടുള്ള ഗ്യാരണ്ടി വ്യവസ്ഥകൾക്ക് വിധേയമായി, കേരള സ്റ്റേറ്റ് കയർ കോർപറേഷന് ദേശസാൽകൃത/സർക്കാർ അംഗീകൃത ബാങ്കിൽ നിന്നും 30 കോടി രൂപ വായ്പയെടുക്കുന്നതിന്റെ ആവശ്യത്തിനായി സർക്കാർ അനുവദിച്ച ഗ്യാരണ്ടി, 12.02.2026 മുതൽ അടുത്ത അഞ്ച് വർഷത്തേക്ക് കൂടി പുതുക്കി നല്കുന്ന വിഷയത്തിൽ ഫയൽ സമർപ്പിച്ചപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്നു.

**തീരുമാനിക്കേണ്ട വിഷയം**

ക്രയവില സ്ഥിരതാ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ദേശസാൽകൃത ബാങ്ക്/സർക്കാർ അംഗീകൃത ബാങ്കിൽ നിന്നും 30 കോടി രൂപ വായ്പയെടുക്കുന്നതിന്റെ ആവശ്യത്തിനായി കേരള സ്റ്റേറ്റ് കയർ കോർപറേഷന് സർക്കാർ അനുവദിച്ച ഗ്യാരണ്ടി, ധനകാര്യ വകുപ്പ് നിഷ്കർഷിച്ച ഗ്യാരണ്ടി വ്യവസ്ഥകൾക്ക് വിധേയമായി, 12.02.2026 മുതൽ അടുത്ത അഞ്ച് വർഷത്തേക്ക് കൂടി പുതുക്കി നല്കാവുന്നതാണോ ?